# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2017 ആഗസ്റ്റ് 17, വ്യാഴം

**നമ്പർ 86**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം:

സംസ്ഥാനത്തെ ഒരു മന്ത്രിയും ഭരണ കക്ഷിയിൽപ്പെട്ട ഒരു എം.എൽ.എയും അധികാര ദുർവിനിയോഗം നടത്തിയതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടു കൊണ്ട് ശ്രീ. വി. ടി. ബൽറാമും മറ്റ് രണ്ടംഗങ്ങളും ചേർന്ന് ഒരു അടിയന്തരപ്രമേയത്തിന്റെ അവതരണാനുമതിക്ക് നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് ഇന്ത്യൻ നാഷണൽ കോൺഗ്രസ്, ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ്, കേരള കോൺഗ്രസ് (ജേക്കബ്) എന്നീ പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

[അടിയന്തരപ്രമേയത്തിന്റെ നോട്ടീസിൻമേലുള്ള ചർച്ചാവേളയിൽ ആരോപണ വിധേയരായ ഗതാഗത വകുപ്പുമന്ത്രി, ശ്രീ. പി. വി. അൻവർ എം.എൽ.എ. എന്നിവർക്ക് വ്യക്തിപരമായ വിശദീകരണം നൽകുന്നതിന് സ്പീക്കർ അനുമതി നൽകി.]

ശ്രദ്ധ ക്ഷണിക്കൽ :

(1) സംസ്ഥാനത്തെ ഷോപ്പിംഗ് മാളുകളുടെ പ്രവർത്തനം ഉപഭോക്തൃ സൗഹൃദവും നിയമാനുസൃതവും ആക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീമതി ഇ. എസ്. ബിജിമോൾ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 1213/2017(i).

(2) അതിരപ്പള്ളി പദ്ധതി നടപ്പാക്കിയാലുണ്ടായേക്കാവുന്ന പാരിസ്ഥിതിക ആഘാതം അടക്കമുള്ള പ്രശ്നങ്ങളിലേക്ക് ശ്രീ. പി. ടി. തോമസ് മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

ചട്ടം 304 പ്രകാരം ഉന്നയിച്ച വിഷയങ്ങൾ

ചട്ടം 304 പ്രകാരം അംഗങ്ങൾ സഭയിൽ ഉന്നയിച്ച വിഷയങ്ങൾ താഴെപ്പറയുന്നു:

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. രമേശ് ചെന്നിത്തല | ചട്ടവിരുദ്ധമായി പാലക്കാട് കണ്ണകി അമ്മൻ ഹയർ സെക്കണ്ടറി സ്കൂളിൽ സ്വാതന്ത്ര്യദിനത്തിൽ പതാക ഉയർത്തിയത് | മുഖ്യമന്ത്രി |
| 2 | ശ്രീ. എം. ഉമ്മർ | മഞ്ചേരി - ഫയർസ്റ്റേഷന്റെ പ്രവർത്തനം | മുഖ്യമന്ത്രി |
| 3 | ശ്രീ. കെ. ഡി. പ്രസേനൻ | കിഴക്കഞ്ചേരി 2, മംഗലം ഡാം വില്ലേജുകളിലെ കുടികിടപ്പുകാർക്ക് പട്ടയവിതരണം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 4 | ശ്രീ. മുരളി പെരുനെല്ലി | കോൾ നിലങ്ങളിലെ കൃഷിക്കായി താൽക്കാലിക ചിറകളുടെ നിർമ്മാണവും കോലുമാട് പദ്ധതിയും | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീ. പുരുഷൻ കടലുണ്ടി | കോഴിക്കോട് ജില്ലയിലെ ജപ്പാൻ കുടിവെള്ള പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീ. സണ്ണി ജോസഫ് | ഇരിട്ടിയിൽ ജോയിന്റ് ആർ.ടി.ഓഫീസ് ആരംഭിക്കുന്നത് | ഗതാഗത വകുപ്പുമന്ത്രി |
| 7 | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | പെരുമ്പാവൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ വികസനം | ഗതാഗത വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 8 | ശ്രീ. എം. നൗഷാദ് | ക്വാറികൾ പ്രവർത്തിക്കാത്തത് മൂലമുണ്ടായ പ്രതിസന്ധി | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 9. | ശ്രീ. എൻ. ഷംസുദ്ദീൻ | കുറുക്കൻകുണ്ട്, ചോലക്കാട് മേഖലയിൽ കൃഷി നശിപ്പിച്ചത് | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |
| 10 | ശ്രീ. യു. ആർ. പ്രദീപ് | ചേലക്കര കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിന്റെ വിഭജനം | വൈദ്യുതി വകുപ്പുമന്ത്രി |

അതത് വിഷയങ്ങൾ സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>റിപ്പോർട്ടുകളുടെ സമർപ്പണം:</u>

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു

1. സബ്ജക്ട് കമ്മിറ്റി II-ന്റെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്.
2. സബ്ജക്ട് കമ്മിറ്റി IV-ന്റെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്.
3. സബ്ജക്ട് കമ്മിറ്റി IV-ന്റെ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയെ സംബന്ധിച്ച റിപ്പോർട്ട്.
4. 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX- ന്റെ റിപ്പോർട്ട്.
5. 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX- ന്റെ റിപ്പോർട്ട്.
6. സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്.
7. മത്സ്യത്തൊഴിലാളികളുടേയും അനുബന്ധ തൊഴിലാളികളുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്.
8. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പത്താമത് റിപ്പോർട്ട്.

ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന :

കർഷകദിനം പ്രമാണിച്ച് കാർഷിക മേഖലയിൽ സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച് കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാർ ചട്ടം 300 അനുസരിച്ച് ഒരു പ്രസ്താവന ചെയ്തു.

നിയമനിർമ്മാണ കാര്യം:

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും

1. ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള ചരക്കുസേവന നികുതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിച്ചു. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ ശ്രീ. ടി. എ. അഹമ്മദ് കബീർ, ശ്രീ. വി. ഡി. സതീശൻ എന്നിവർ സംസാരിച്ചു. ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന ഭേദഗതി ശ്രീമതി അയിഷാ പോറ്റി അവതരിപ്പിച്ചു. ധനകാര്യവും കയറും വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു. അതിനുശേഷം പ്രമേയം സഭ അംഗീകരിക്കുകയും ബിൽ വകുപ്പ് തിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ പാസ്സാക്കുകയും ചെയ്തു.

ഒൻപതാം വകുപ്പ്

In clause 9(1), add the word " State" after the word " Kerala" .

പത്താം വകുപ്പ്

In clause 10(1), for the words " fifty lakh" the words " seventy five lakh" shall be substituted.

In the proviso to clause 10 (1), for the words " fifty lakh" the words " seventy five lakh" shall be substituted.

അറുപത്തൊൻപതാം വകുപ്പ്

In clause 69(1), for the word " aperson" the words " a person" shall be substituted.

<u>നൂറ്റി അറുപത്തിഒന്നാം വകുപ്പ്</u>

In clause 161, after the word " Central" insert the word " Goods".

(2) ഗതാഗത വകുപ്പുമന്ത്രി ശ്രീ. തോമസ് ചാണ്ടി 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബില്ലും ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അവതരിപ്പിച്ചു. പ്രസ്തുത ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. എൽദോ എബ്രഹാമും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. പി. ടി. തോമസും അവതരിപ്പിച്ചു സംസാരിച്ചു ഗതാഗത വകുപ്പുമന്ത്രിയുടെ മറുപടിക്കു ശേഷം അവതരിപ്പിച്ചിരുന്ന ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു അതിനുശേഷം പ്രമേയം സഭ അംഗീകരിക്കുകയും ബിൽ വകുപ്പ് തിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ പാസ്സാക്കുകയും ചെയ്തു.

<u>ഒന്നാം വകുപ്പ്</u>

In clause 1(2), for " 1 st" substitute " $1^{st}$"

<u>രണ്ടാം വകുപ്പ്</u>

In section 2(e) of the principal Act proposed to be amended by clause 2, the word " tax" after the word " such other" shall be substituted with the word " taxes".

2017 ആഗസ്റ്റ് 18-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്കുശേഷം 2.28-ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

**Seventh Session**

# BULLETIN—PART I

(Brief Record of Proceedings)

*Thursday, August 17, 2017*

**No. 86**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions:*

Three questions in the list of questions posted for the day were answered orally.

*Adjournment Motion:*

After hearing the Chief Minister, the Speaker withheld consent to the moving of an adjournment motion given notice of by Shri V. T. Balram and two other Members regarding the serious situation reported to have arisen due to the misuse of power by a Minister in the State and an M.L.A. from the ruling party.

In protest against the attitude of the Government in this matter the Members belonging to the Indian National Congress, Indian Union Muslim League and Kerala Congress (J) staged a walk-out.

[The Speaker gave consent to the Minister for Transport and Shri P. V. Anvar MLA to give personal explanations regarding the allegations raised against them during the discussion on the notice for adjournment motion.]

*Calling Attention:*

1. Smt. E. S. Bijimol called the attention of the Chief Minister to the necessity to make the functioning of shopping malls in the State consumer friendly and legal. The Chief Minister made a statement thereto.
2. Shri P. T. Thomas called the attention of the Chief Minister to the problems, including ecological impact, that may arise on implementation of Athirappally Project. The Chief Minister made a statement thereto.

KNPP. 1213/2017(ii).

*The Matters raised under Rule 304 :*

The matters raised by Members in the House under Rule 304 are listed below:

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. രമേശ് ചെന്നിത്തല | ചട്ടവിരുദ്ധമായി പാലക്കാട് കണ്ണകി അമ്മൻ ഹയർ സെക്കണ്ടറി സ്കൂളിൽ സ്വാതന്ത്ര്യദിനത്തിൽ പതാക ഉയർത്തിയത് | മുഖ്യമന്ത്രി |
| 2 | ശ്രീ. എം. ഉമ്മർ | മഞ്ചേരി ഫയർസ്റ്റേഷന്റെ പ്രവർത്തനം | മുഖ്യമന്ത്രി |
| 3 | ശ്രീ. കെ. ഡി. പ്രസേനൻ | കിഴക്കഞ്ചേരി 2, മംഗലം ഡാം വില്ലേജുകളിലെ കുടികിടപ്പുകാർക്ക് പട്ടയവിതരണം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 4 | ശ്രീ. മുരളി പെരുനെല്ലി | കോൾ നിലങ്ങളിലെ കൃഷിക്കായി താൽക്കാലിക ചിറകളുടെ നിർമ്മാണവും കോലുമാട് പദ്ധതിയും | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീ. പുരുഷൻ കടലുണ്ടി | കോഴിക്കോട് ജില്ലയിലെ ജപ്പാൻ കുടിവെള്ള പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീ. സണ്ണി ജോസഫ് | ഇരിട്ടിയിൽ ജോയിന്റ് ആർ.ടി.ഓഫീസ് ആരംഭിക്കുന്നത് | ഗതാഗത വകുപ്പുമന്ത്രി |
| 7 | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | പെരുമ്പാവൂർ കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ വികസനം | ഗതാഗത വകുപ്പുമന്ത്രി |
| 8 | ശ്രീ. എം. നൗഷാദ് | ക്വാറികൾ പ്രവർത്തിക്കാത്തത് മൂലമുണ്ടായ പ്രതിസന്ധി | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 9. | ശ്രീ. എൻ. ഷംസുദ്ദീൻ | കുറുക്കൻകുണ്ട്, ചോലക്കാട് മേഖലയിൽ കൃഷി നശിപ്പിച്ചത് | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |
| 10 | ശ്രീ. യു. ആർ. പ്രദീപ് | ചേലക്കര കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസിന്റെ വിഭജനം | വൈദ്യുതി വകുപ്പുമന്ത്രി |

The Ministers made statements on the respective subjects.

*Presentation of Reports:*

The following Reports were presented:

1. The Periodical Report of the Subject Committee II for the year ended March 31, 2017.
2. The Periodical Report of the Subject Committee IV for the year ended March 31, 2017.
3. The Report of the Subject Committee IV on the Free Handloom School Uniform Scheme.
4. The Report of the Subject Committee IX on the Kerala Municipality (Amendment) Bill, 2017.
5. The Report of the Subject Committee IX on the Kerala Panchayat Raj (Amendment) Bill,2017.
6. The Periodical Report of the Subject Committee XIV for the year ended March 31, 2017.
7. The Second Report of the Committee on Fishermen and Allied Workers.
8. The Tenth Report of the Committee on Private Members' Bills and Resolutions.

*Statement under Rule 300:*

Shri V. S. Sunil Kumar, Minister for Agriculture made a statement under Rule 300, regarding the activities intended to be implemented in agricultural sector by the State Department of Agriculture, in connection with the Farmers' Day.

*Legislative Business:*

Motion for consideration and further stages of the following Bills as reported by the Subject Committee:

(1) DR. T. M. Thomas Isaac, Minister for Finance and Coir moved that motion that the Kerala Goods and Service Tax Bill, 2017 as reported by the Subject Committee be taken up for consideration. Shri T. A. Ahammed Kabeer and Shri V. D. Satheesan who had recorded their minutes of dissent to the Subject Committee Report also spoke. Smt. P. Aisha Potty moved an amendment to recommit the Bill to the same Subject Committee. After the reply by the Minister the amendment moved was withdrawn by the leave of the House. Then the motion was adopted and the Bill was taken up for clause by clause consideration and passed with the following amendments.

*Clause 9*

In clause 9(1), add the word " State" after the word " Kerala" .

*Clause 10*

In clause 10(1), for the words " fifty lakh" the words " seventy five lakh" shall be substituted.

In the proviso to clause 10 (1), for the words " fifty lakh" the words " Seventy five lakh" shall be substituted.

*Clause 69*

In clause 69(1), for the word " aperson" the words " a person" shall be substituted.

*Clause 161*

In clause 161, after the word " Central" insert the word " Goods" .

(2) Shri Thomas Chandy, Minister for Transport moved the motion that the Kerala Motor Vehicles Taxation (Amendment) Bill, 2017 as reported by the Subject Committee be taken up for consideration. Shri Eldho Abraham moved an amendment to circulate the Bill for eliciting public opinion and Shri P. T. Thomas

moved another amendment to recommit the Bill to the same Subject Committee and spoke. After the reply of the Minister the amendments moved were withdrawn by the leave of the House. Then the motion was adopted and the Bill was taken up for clause by clause consideration and passed with the following amendments.

*Clause 1*

In clause 1(2), for " 1 st" substitute " 1*".

*Clause 2*

In section 2(e) of the principal Act proposed to be amended by clause 2, the word " tax" after the word " such other" shall be substituted with the word " taxes" .

The House adjourned at 2.28 p.m. to meet again at 8.30 a.m. Friday, August 18, 2017.

V. K. BABU PRAKASH,
*Secretary.*